പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1359 02.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ സി.എൻ.ജി ബസ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>" വി.ടി.ബൽറാം<br>" അനിൽ അക്കര<br>" വി.പി.സജീന്ദ്രൻ | തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യ്ക്ക് സി.എൻ.ജി ബസ്സുകൾ വാങ്ങുന്ന പദ്ധതി ഏതു ഘട്ടത്തിലാണെന്നും പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | 2016-17 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ എറണാകുളം കേന്ദ്രമാക്കി 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും കെ.എസ്.ആർ.ടി.സി.ക്ക് വായ്പയായി നൽകുമെന്ന് ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിരുന്നു. ഇതിൻ പ്രകാരം ആദ്യ ഘട്ടമായി 166 സി.എൻ.ജി. ബസുകൾ 50 കോടി രൂപ മുതൽ മുടക്കിൽ വാങ്ങുന്നതിനുള്ള ഭരണാനുമതി സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 72/2017/TRANS തീയതി 20.02.2017 പ്രകാരം നൽകിയിട്ടുണ്ട്.<br>ഇതു സംബന്ധിച്ച കരട് പ്രോജക്ട് റിപ്പോർട്ട് (DPR) KIIFB മുമ്പാകെ സമർപ്പിച്ചുകഴിഞ്ഞു.<br>കെ.എസ്.ആർ.ടി.സി പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസി (CNG)ലേക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ റോഡുകളിൽ ഇത്തരം ബസ്സുകളുടെ ഉപയോഗക്ഷമത നിരീക്ഷിക്കുന്നതിനായി 2 സി.എൻ.ജി ബസ്സുകൾക്ക് പർച്ചേസ് ഓർഡർ നൽകിയതിൽ ഒരു ബസ്സ് ലഭ്യമായിട്ടുണ്ട്. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ ഇവ വാഹനങ്ങളിൽ നിറയ്ക്കുന്നതിന് ആവശ്യമായ Dispensing Unit-കൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. കൊച്ചി നഗരത്തിൽ സി.എൻ.ജി. ഇന്ധനം വിതരണം നടത്തുന്നതിന് |

| | | | |
|---|---|---|---|
| | | | വിതരണാവകാശം ലഭിച്ച ഐ.ഒ.സി.യുമായി നിരവധി തവണ ചർച്ചകൾ നടത്തുകയും കെ.എസ്.ആർ.ടി.സി.യുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും തേവരയിലും, സി.എൻ.ജി. Dispensing Unit-കൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങികഴിഞ്ഞു. സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രാഥമികമായി പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി ബസുകൾ നിരത്തിലിറക്കുന്നതിനും കൂടാതെ മറ്റു സ്ഥലങ്ങളിൽ സി.എൻ.ജി. ഇന്ധനം ലഭ്യമാകുന്നതോടെ, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ 50 ബസുകൾ വീതം നിരത്തിലിറക്കുന്നതിനും പദ്ധതി തയാറാക്കിയിട്ടുണ്ട്. |
| (ബി) | പദ്ധതിക്കുള്ള ധനം കിഫ് ബിയിൽ നിന്ന് ഉറപ്പാക്കായിട്ടുണ്ടോയെന്നും ഇതിനകം കിഫ് ബി എന്തു തുക നൽകിയെന്നും വ്യക്തമാക്കുമോ? | (ബി) | നിലവിൽ കിഫ്ബിയിൽ നിന്നും തുകയൊന്നും കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ചിട്ടില്ല. പദ്ധതിയുടെ കരട് പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബി പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**